## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 492 | 29.06.2015-ലെ മറുപടിയ്ക്ക് |
|---|---|

### നികുതി ഇളവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കെ.നാരായണൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലയിൽ നികുതി ഇളവ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി, ലക്ഷ്വറി ടാക്സ്, രജിസ്ട്രേഷൻ ഡ്യൂട്ടി, മോട്ടോർ വാഹന നികുതി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | നികുതി ഇളവ് നൽകാൻ ഉണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ ? | (ബി) | സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണ് വിവിധ മേഖലകളിൽ നികുതി ഇളവ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

35

## 2011-12-ൽ നൽകിയ നികുതി ഇളവുകൾ

- സെൻട്രൽ പോലീസ് ക്യാന്റീൻ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന നികുതി നിരക്കിന്റെ പകുതി നിരക്ക് എന്ന ആനുകൂല്യം നൽകിയിട്ടുണ്ട്.
- കേരള ആഡംബര നികുതി നിയമത്തിൻ കീഴിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന ഹൗസ് ബോട്ടുകൾക്ക്, അവർ ഹൗസ് ബോട്ടിൽ വിതരണം ചെയ്യുന്ന പാകം ചെയ്ത ഭക്ഷണ പാനീയങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
- വളങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, നൈലോൺ - പോളിയസ്റ്റർ റോപ്പുകൾ, ചെങ്കല്ലുകൾ, പാൽകറക്കുന്ന യന്ത്രം, തെങ്ങ് കയറ്റ യന്ത്രങ്ങൾ, ബോൺമീൽ, ഓർഗാനിക് മീൽ, ലെതർ മീൽ, ആരാധനാലയങ്ങളുടെ കോമ്പൗണ്ടിനുള്ളിൽ ആരാധനാവശ്യങ്ങൾക്കായി ഭക്തജനങ്ങൾക്ക് വിൽക്കുന്ന സാധനങ്ങൾ എന്നിവയെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി നികുതി വിമുക്തമാക്കിയിട്ടുണ്ട്. മാനുഫാക്ചേർഡ് സാൻഡ്, മണ്ണ്, ജിപ്സം എന്നിവയുടെ നിരക്ക് 5% ആയി കുറച്ചിട്ടുണ്ട്.
- കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭാഗപത്രം, ധനനിശ്ചയം, ദാനാധാരം, ഒഴിമുറി എന്നി കരണങ്ങളുടെ പരമാവധി സ്റ്റാമ്പ് ഡ്യൂട്ടി 1000 രൂപയായി കുറച്ചു.

## 2012-13

- ഇൻട്രാഒക്കുലർ ലെൻസ്, ഉണി ബാഗുകൾ, തേൻ, തേനീച്ചപ്പെട്ടി അനുബന്ധ ഉപകരണങ്ങൾ, ഹാർട്ട് വാൽവ്, കാർഡിയാക്ക് സ്റ്റെന്റ്, പുളിങ്കുരുപൊടി, എന്നിവയെ നികുതി വിമുക്തമാക്കി
- മുളക്, മല്ലി, ഭക്ഷ്യ എണ്ണ, പയർവർഗ്ഗങ്ങൾ ധാന്യപ്പൊടികൾ, മൈദ, സൂചി, ഗോതമ്പ് പൊടി എന്നിവയുടെ നിരക്ക് 4% നിന്നും 1% ആയി കുറച്ചു.
- ഡ്രഗ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവ്വേദ ഉൽപ്പന്നങ്ങൾ, തൊട്ടിൽ, ഇലക്ട്രോണിക്ക് ടോയിലറ്റുകൾ, പാക്ക് ചെയ്ത കരിക്കിൻ വെള്ളം, ചുക്ക് കാപ്പിപ്പൊടി, ഏത്തക്ക വറ്റൽ, മരച്ചീനിവറ്റൽ, ചക്ക വറ്റൽ എന്നിവയുടെ നികുതി നിരക്ക് 12.5% നിന്നും 5% ആയി കുറച്ചു.
- വാറ്റ് നികുതിയുടെ മേൽ ചുമത്തിയിരുന്ന 1% സാമൂഹിക സുരക്ഷാ സെസ്സ് ഒഴിവാക്കി
- സെൻട്രൽ പോലീസ് ക്യാന്റീനിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള പോലീസിന്റെ സബ്സിഡിയറി ക്യാന്റീനുകൾ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന നികുതി നിരക്കിന്റെ പകുതി നികുതി നിരക്ക് എന്ന ആനുകൂല്യം നൽകിയിട്ടുണ്ട്.

## 2013-14

- അരി, തീരമൈത്രി യൂണിറ്റുകൾ നിർമ്മിച്ച് അവരുടെ ബ്രാൻഡ് പേരിൽ വിൽക്കുന്ന ഉത്പന്നങ്ങൾ എന്നിവയെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തി നികുതി വിമുക്തമാക്കിയിട്ടുണ്ട്.
- ഐസ്, സൗരോർജ്ജ ഉപകരണങ്ങളും സ്പെയർ പാർട്ടുകളും എന്നിവയുടെ നികുതി നിരക്ക് 1% ആയി കുറച്ചു.
- മുനിസിപ്പൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ, വാട്ടർബെഡ്ഡുകൾ, ലെഡ് ഓക്സൈഡ്, ഗാർഹികാവശ്യത്തിനുള്ള ഗ്ലൗസുകൾ, അഗ്രോ-ഷെയിഡ് നെറ്റുകൾ, എഡിബിൾ സോയാചങ്ക്സ് എന്നിവയുടെ നികുതി നിരക്ക് 5% ആയി കുറച്ചു.
- ക്ഷീര വിതരണ സഹകരണ സംഘങ്ങൾ നടത്തുന്ന ക്യാന്റീനുകളിൽ വിൽക്കുന്ന ഭക്ഷണപാനീയങ്ങളെ 1.04.2011 മുതൽ നികുതി വിമുക്തമാക്കി
- അംഗീകൃത ലേല കേന്ദ്രത്തിലൂടെയുള്ള ലേലത്തിന്റെ നികുതി ആ പോയിന്റിൽ മാത്രം 2 ശതമാനമായി കുറച്ചു.
- കമ്പനി ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ ഒഴികെ ഉള്ളവരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കി.
- ഐക്യരാഷ്ട്ര സംഘടനയെയും മറ്റു സമാന അന്താരാഷ്ട്ര സംഘടനകളെയും ആഢംബര നികുതിയിൽ നിന്നുമൊഴിവാക്കി. 500 രൂപവരെയുള്ള പാദരക്ഷകളുടെ നികുതി 5 ശതമാനമാക്കി.

## 2014-15

- മൈദ, സൂചി, ഗോതമ്പ് പൊടി, ഗോതമ്പ്, തവിടെണ്ണ, എന്നിവയെ നികുതി വിമുക്തമാക്കി
- FCI അംഗീകൃത റേഷൻ മൊത്ത കച്ചവട വ്യാപാരികൾക്ക് വിറ്റ അരിയെ 1.04.2005 മുതൽ നികുതി വിമുക്തമാക്കിയിട്ടുണ്ട്.
- ഉഴുന്ന് പൊടി, വെളിച്ചെണ്ണ ഉപയോഗിച്ച് ഉണ്ടാക്കുന്ന വാഷിംഗ് സോപ്പ്, ബാർ / കേക്ക് എന്നിവയുടെ നിരക്ക് 1% ആക്കി കുറച്ചു.
- ബ്രാന്റഡ്, അൺബ്രാന്റഡ് വ്യത്യാസമില്ലാതെ കേക്കുകൾ, ഹൽവ, മിക്സ്ചർ, ലഡ്ഡു, ജിലേബി എന്നിവയുടെ നികുതി 5% ആക്കി.

- റബ്ബർ സ്റ്റേ ഓയിലിന്റെ നിരക്ക് 5% ആയി കുറച്ചു.
- എൽ.പി.ജി സിലിണ്ടറുകൾക്ക് DBTL സംവിധാനം നടപ്പിലാക്കിയതിനോടനുബന്ധിച്ച് സബ്സിഡി തുകയിന്മേലുള്ള നികുതി ഒഴിവാക്കി.
- ഓഫ് സീസണായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഹോട്ടലുകളുടെ ആഡംബര നികുതി നിരക്ക് 5% ആയി കുറച്ചു
- വിനോദസഞ്ചാര വകുപ്പ് അംഗീകരിക്കുന്ന ശിൽപശാലകൾക്കും കൺവെൻഷനുകൾക്കും 20000 രൂപയും മുകളിൽ വാടകയുള്ള ആഡിറ്റോറിയങ്ങളും കൺവെൻഷൻ സെന്ററുകളും ഉപയോഗിക്കുമ്പോൾ അവയുടെ ആഡംബര നികുതി 20% നിന്നും 10% ആയി കുറച്ചിട്ടുണ്ട്
- ആദായ നികുതി നിയമപ്രകാരമുള്ള നികുതി ഒഴിവിനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി ചാരിറ്റബിൾ ആശുപത്രികൾക്ക് അവർ തങ്ങളുടെ രോഗികൾക്ക് വിൽക്കുന്ന കോമ്പൗണ്ടഡ് നികുതി ഒടുക്കിയ മരുന്നുകൾ, ലബോറട്ടറി സ്റ്റോർ ഐറ്റങ്ങൾ, കൺസ്യൂമബിൾ എന്നിവയെ നികുതി വിമുക്തമാക്കിയിട്ടുണ്ട്.

ഡ്രഗ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 13.11.2009 മുതൽ 31.03.2012 വരെ 5 ശതമാനമായി നിജപ്പെടുത്തി.

സോയാചങ്ക്സിന്റെ നികുതി നിരക്ക് 1.04.2005 മുതൽ 5 ശതമാനമായി നിജപ്പെടുത്തി.

## 2015-16 ൽ നൽകിയ ഇളവുകൾ

- ദ്രവീകൃത പ്രകൃതി വാതകത്തെ ഒരു വർഷത്തേയ്ക്ക് മൂല്യ വർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കി.
- റബ്ബർ തടി, ഉപയോഗിച്ച പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് റീ സൈക്കിൾ ചെയ്യുന്നതിനുള്ള പ്ലാന്റ് എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കി.
- പ്ലാസ്റ്റിക് റീ സൈക്കിൾ ചെയ്ത് ഉല്പാദിപ്പിക്കുന്ന പൈറോളിസിസ് ഓയിലിനെ, അത് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ നടത്തുന്ന വില്പനയ്ക്ക് നികുതി ഒഴിവാക്കി.
- രാജ്യത്തിന്റെ പ്രതിരോധ ആവശ്യങ്ങൾക്കു വേണ്ടി നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ നികുതി നിരക്ക് 5% ആയി കുറച്ചു.
- ഗ്ലാസ്സ്, ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം ഉപയോഗിച്ച നിർമ്മിക്കുന്ന ഫാബ്രിക്കേറ്റഡ് വാൾ പാനലുകളെ നികുതി വിമുക്തമാക്കി.
- തേൻ, തേനീച്ചപ്പെട്ടി, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് നൽകിയിട്ടുണ്ടായിരുന്ന നികുതി ഇളവിന് 01.04.2005 മുതൽ മുൻകാല പ്രാബല്യം നൽകി.
- കേരളാ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അംഗീകരിച്ച ഉല്പാദനയൂണിറ്റുകൾ മുഖേന വില്ക്കുന്ന ഖാദി ഉല്പന്നങ്ങൾക്ക് ബാധകമായ നികുതി ഇളവ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അംഗീകരിച്ച യൂണിറ്റുകൾക്കും കൂടി ബാധകമാക്കി.
- ലെഡ് ഓക്സൈഡിന് നൽകിയിട്ടുണ്ടായിരുന്ന നികുതി ഇളവിന് 01.04.2005 മുതൽ മുൻകാല പ്രാബല്യം നൽകി.

## മോട്ടോർ വാഹന നികുതിയിൽ നൽകിയ ഇളവ്

മോട്ടോർ വാഹന വകുപ്പിൽ നിന്നും 31-12-2014-ൽ അഞ്ചോ അതിലധികമോ വർഷത്തെ നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് നികുതി ഇളവ് നൽകി, അവസാനത്തെ അഞ്ച് വർഷ നികുതിയുടെ 20% ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 30% സ്വകാര്യ വാഹനങ്ങൾക്കും അടയ്ക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി.

Rehan
80